## പതിമൂന്നാംകേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2882 20.06.2013 - ൽ മറുപടിക്ക്**

## സംസ്ഥാനത്ത് ദേശീയപാത വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എളമരം കരിം<br>ശ്രീ.ജി.സുധാകരൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയപാത വികസന പദ്ധതി ഏത് ഘട്ടത്തിലാണ്; പ്രത്യേക വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാതകൾ ഏതെല്ലാമാണ്; | (എ) ദേശീയപാത വികസനപദ്ധതി Phase II & III കേരളത്തിൽ എൻ.എച്ച്.എ.ഐ. മുഖാന്തിരമാണ് ചെയ്യുന്നത്. ഇതിൽ എൻ.എച്ച്.17 (66)ൽ കോഴിക്കോട് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ കീഴിലുള്ള കർണ്ണാടക കേരള അതിർത്തി മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗങ്ങളിൽ സ്ഥലമെടുപ്പ് പ്രക്രിയ നടക്കുന്നു. കൊച്ചി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ കീഴിലുള്ള എൻ.എച്ച്.17 (66) കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്തിന്റെയും സ്ഥലമെടുപ്പ് പ്രക്രിയ നടക്കുന്നു. എൻ.എച്ച്.47 (544)വാളയാർ മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗങ്ങളിൽ സ്ഥലമെടുപ്പ് പൂർത്തിയായിട്ടുണ്ട്. ഇതിൽ തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്തിന്റെ 4 വരിപ്പാതയാക്കൽ പൂർത്തീകരിച്ചിട്ടുണ്ട്. തൃശ്ശൂർ മുതൽ വടക്കൻഞ്ചേരി വരെയുള്ള ഭാഗത്ത് പദ്ധതി ബാധിതർ അധിക നഷ്ടപരിഹാരം ആവശ്യപ്പെട്ട് പദ്ധതി നടപ്പിലാക്കുന്നത് തടസ്സപ്പെടുത്തിയിട്ടുണ്ട്. ഇതു മൂലം 5% പണി മാത്രമേ ഈ ഭാഗത്ത് പുരോഗമിക്കാൻ കഴിഞ്ഞിട്ടുള്ളൂ. വാളയാർ മുതൽ വടക്കൻഞ്ചേരി വരെയുള്ള ഭാഗത്തിന്റെ BOT |

കരാർ ഒപ്പിട്ട് പണി തുടങ്ങുവാനുള്ള അവസ്ഥയിലാണ്. എൻ.എച്ച്.47 (66) കൊച്ചി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ കീഴിലുള്ള ഇടപ്പള്ളി മുതൽ അരൂർ വരെ എൻ.എച്ച്.എ.ഐ. 4 വരിപ്പാതയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന അരൂർ മുതൽ ചേർത്തല വരെയുള്ള ഭാഗം പൊതുമരാമത്ത് ദേശീയപാതാവിഭാഗം നേരത്തേതന്നെ നാലു വരിപ്പാത യാക്കിയിട്ടുള്ളതാണ്. എന്നാൽ ഈ റീച്ചിലെ ശേഷിക്കുന്ന പണികൾ എൻ.എച്ച്.എ.ഐ. യ്ക്ക് പൂർത്തിയാക്കാനുണ്ട്. ചേർത്തല മുതൽ തിരുവനന്തപുരം (കഴക്കൂട്ടം) വരെയുള്ള ഭാഗങ്ങളിലെ സ്ഥലം എടുപ്പ് പ്രക്രിയകൾ നടന്നു വരുന്നു. എൻ.എച്ച്.47 (66) തിരുവനന്തപുരം (കഴക്കൂട്ടം) മുതൽ തമിഴ്നാട് അതിർത്തി വരെയുള്ള ബൈപ്പാസിൽ കഴക്കൂട്ടം മുതൽ മുക്കോലവരെയുള്ള ഭാഗം standalone പ്രോജക്ടായി സർവ്വീസ് റോഡോടുകൂടിയ നാലുവരിപ്പാതയായി വികസിപ്പിയ്ക്കാൻ എൻ.എച്ച്.എ.ഐ.നടപടി സ്വീകരിച്ചിട്ടുണ്ട്. മുക്കോല മുതൽ സംസ്ഥാന അതിർത്തി വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ നടന്നു വരുന്നു. മറ്റ് അഞ്ച് ദേശീയപാതകളായ NH 49 (85), NH 208 (744), NH 212 (766), NH 213 (966), NH 220 (183) എന്നിവ NHDP Phase IV A -ൽപ്പെടുത്തി പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ട് വരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇത് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് അനുയോജ്യമല്ലാത്ത തിനാൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട പ്രകാരം ഈ ഹൈവേകൾ NHDP Phase IV A -ൽ നിന്ന് വേർപെടുത്തി ഉത്തരവായിട്ടുണ്ട്. ഇനിയുള്ള പ്രവൃത്തികൾ കേന്ദ്ര സർക്കാരിന്റെ വാർഷിക ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ റോഡുകൾ ദേശീയപാതകളായിതന്നെ തുടരും.

| | | | |
|---|---|---|---|
| (ബി) | ദേശീയപാതാവികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുന്നതിൽ ദേശീയപാത അതോറിറ്റി അതൃപ്തി പ്രകടിപ്പിച്ചിട്ടുണ്ടോ; ഇത് പദ്ധതിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | (ബി) | ഭൂമിയേറ്റെടുക്കൽ നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. സ്ഥലമെടുപ്പ് സമയത്തു നടപ്പാക്കാൻ കഴിയാത്തതിനാൽ 3A നോട്ടിഫിക്കേഷൻ ഡിനോവ ആയ വിവരം എൻ.എച്ച്.എ.ഐ. പ്രോജക്ട് ഡയറക്ടർമാർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികൾക്കായി ഭൂമിയേറ്റെടുക്കുന്നതിലുണ്ടാകുന്ന കാലതാമസം പദ്ധതിയുടെ പൂർത്തീകരണത്തെ ഒരു പരിധി വരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (സി) | കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തിനുള്ള പദ്ധതിയും നഷ്ടപരിഹാര പാക്കേജും ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; | (സി) | 15.11.2011 -ലെ സ.ഉ.(കയ്യെഴുത്ത്) നം. 419/2011/ആർ.ഡി പ്രകാരം ഉദാരമായ ഒരു പുനരധിവാസ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ഡി) | അലൈൻമെന്റുകൾ ഇടക്കിടെ മാറ്റം വരുത്തുന്നത് സ്ഥലമെടുപ്പിനെ ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | DPR പ്രകാരം അംഗീകരിച്ച അലൈൻമെന്റിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. |

Salitha

സെക്ഷൻ ഓഫീസർ